# AGRICULTURAL ASSISTANTS' ASSOCIATION, KERALA

(Recognsed by Govt: as per GO (MS) 259/66 dtd 23.06.1966)
www. agriassistant.org


*President*
**K.RAMAKRISHNAN**
'Rohini'
Thavannoor PO
Malappuram District
Phone- 0494 2686358
9446 479521

*Treasurer*
**ALEXIS V**
19/565, New Colony
Mankavu,
Palakkad
Ph: 9447503366

*Gn.Secretary*
**SIDHIK V.M**
Vettikkal ,
Prumpillichira PO
Thodupuzha
Phone-04862 221074
9447 207135


ഗ്രാഹകൻ

അഡീഷണൽ സെക്രട്ടറി

സി.എം.പി.ജി.ആർ.സി.

തിരുവനന്തപുരം

സർ,

വിഷയം: അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ്മാരുടെ റേഷ്യോ പ്രൊമോഷനിലെ അപാകതകൾ സംബന്ധിച്ച്

സൂചന: 1. No. 7986/CMPGRC/2010/GAD dtd 27.7.10

2. ORDER NO: SE(2) 931/10 Dtd. 20.08.2010

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

*10/06/2010*ൽ ഞങ്ങൾ സമർപ്പിച്ചിട്ടുള്ള പരാതിക്ക് സൂചന 1 പ്രകാരം മറുപടി ലഭിച്ചിട്ടുള്ളതാണ്. സൂചന 1 ന്റെ തുടർച്ചയായി സൂചന 2 പ്രകാരം ഗ്രേഡ് 1 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാരുടെ പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ടി ഉത്തരവ് അപാകതകൾ നിറഞ്ഞതാണ്. എന്തുകൊണ്ടെന്നാൽ സീനിയർ ഗ്രേഡ് അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാരുടെ പ്രൊമോഷൻ നടത്താതെയാണ് ഗ്രേഡ് 1 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാരുടെ ഒഴിവ് കണക്കാക്കിയിട്ടുള്ളത്. ആയതുകൊണ്ട് , അർഹതയുള്ള എല്ലാവർക്കും പ്രൊമോഷൻ ലഭിച്ചിട്ടില്ലയെന്നുമാത്രവുമല്ല, 31/03/2011 ൽ വിരമിക്കുന്ന, പ്രൊമോഷന് അർഹതയുള്ള ഏകദേശം 200 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാർ പ്രൊമോഷൻ ലഭിക്കാതെ വിരമിക്കേണ്ടതായുംവരും. 01/08/2003 മുതൽ 31/3/2009 വരെയുള്ള കാലയളവിൽ സീനിയർ ഗ്രേഡ് അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് തസ്തികയിൽ 557 ഒഴിവുകളും ഗ്രേഡ് 1 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് തസ്തികയിൽ 1147 ഒഴിവുകളും ഉണ്ടായിട്ടുണ്ട്. എന്നാൽ സൂചന 2 പ്രകാരം 1037 ഗ്രേഡ് 1 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാരുടെ പ്രൊമോഷൻ മാത്രമാണ് നടത്തിയിട്ടുള്ളത്.

01/08/2003 മുതൽ 31/3/2009 വരെയുള്ള കാലയളവിൽ വിവിധ ഗ്രേഡ്കളിലേക്ക് പ്രൊമോഷൻ നടത്താത്തത് കേരള സിവിൽ സർവ്വീസിലെ സമാനതയില്ലാത്ത വിവേചനമാണ്. ആയതുകൊണ്ട്, സീനിയർ ഗ്രേഡ് അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ്മാരുടെ പ്രൊമോഷനും, ഗ്രേഡ് 1 അഗ്രിക്കൾച്ചറൽ അസ്സിസ്റ്റന്റ് മാരുടെ പ്രൊമോഷൻ ഉത്തരവിലെ അപാകതകളും പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുവേണ്ട മേൽനടപടികൾ സമക്ഷത്തുനിന്നും ഉണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

Sd/-
സിദ്ദീക്ക് വി.എം